# മുത്തു ഗവു....

സുധീർ പണിക്കവീട്ടിൽ




പത്ത് സെക്കൻറ് നേരം ചുംബിച്ച് നിൽക്കുമ്പോൾ എൺപത് മില്യൻ രോഗാണുക്കൾ രണ്ടു പേരും പങ്കിടുന്നു. അത് കൊണ്ടായിരിക്കും പുരാതന ഭാരതത്തിലെ ആസ്സാമിൽ ജനങ്ങൾ മൂക്കുകൾ തമ്മിൽ സ്പർശിപ്പിച്ച് സ്നേഹ പ്രകടനങ്ങൾ നടത്തിയിരുന്നത്. ആഫ്രിക്കക്കാർ ചുംബിക്കുന്നതിനു പകരം മൂക്കുകൾ കൊണ്ട് മണപ്പിക്കുകയായിരുന്നു. രോഗാണുക്കളെപ്പറ്റി ഭയന്നിട്ടൊ ചുംബനത്തിൻെറ മധുരം അറിയാൻ വയ്യാഞ്ഞിട്ടൊ ആയിരിക്കാം ചുണ്ടുകളുടെ അനുഭൂതിദായകമായ സംഗമ സൗഭാഗ്യം അവർ പണ്ടു കാലത്ത് നഷ്ടപ്പെടുത്തി കളഞ്ഞത്. ചുംബനത്തെക്കുറിച്ച് പറയുന്നത് "ഏറ്റവും വാചാലമായ മൗനം രണ്ടു ചുണ്ടുകൾ തമ്മിൽ ചുംബനംകൊണ്ട് ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്നു; ആലിംഗനം ചെയ്യുകൊണ്ടല്ലാത്ത ചുംബനം സുഗന്ധമില്ലാത്ത പുഷ്പം പോലെയാണ്" എന്നാണ്.

വേദങ്ങളിലും മഹാഭാരത ത്തിലും ചുംബനത്തെ കുറിച്ച് പറഞ്ഞത് കൊണ്ട് ചുംബനം ഭാരതത്തിൽ നിന്ന് ആരംഭിച്ചു എന്നു ഇന്ത്യക്കാർ അവകാശപ്പെടുന്നുണ്ട്. അതിനു തെളിവായി അവർ നിരത്തുന്നത് അലെക്സാണ്ഡർ ഇന്ത്യ ആക്രമിച്ചപ്പോൾ ഗ്രീക്കുകാർ ചുംബന വിദ്യ ഇന്ത്യക്കാരിൽ നിന്നു പഠിച്ചുവെന്നാണ്. കാമ ശാസ്ത്രമെഴുതിയ മുനിയും ചുംബനം എങ്ങനെ വേണമെന്ന് ഒരദ്ധ്യായം നിറയെ വിസ്തരിച്ച് എഴുതീട്ടുണ്ട്. സാധാരണ മനുഷ്യർക്ക് മുനിയുടെ നിർദ്ദേശങ്ങൾ ഒന്നും ആവശ്യമില്ലെന്ന് നമുക്കറിയാം.

ആരു് ആരെ ആദ്യം ചുംബിച്ചു എന്നറിയാൻ ഒരു നിവ്രുത്തിയുമില്ല. ദൈവം അരുതെന്ന് വിലക്കിയ കനി തിന്ന് ആദവും ഹവ്വയും ഒരു പക്ഷെ ചുണ്ടുകൾ തമ്മിൽ കൂട്ടി മുട്ടിച്ച് കാണും. പഴത്തിൻെറ സത്ത് പരന്ന ചുണ്ടുകൾക്ക് ഒരേ സ്വാദാണോയെന്നറിയാൻ. ചുംബിക്കാൻ മുൻ കൈ എടുത്തത് പുരുഷൻ തന്നെയെന്ന് അക്ഷരങ്ങളുടെ ലോകത്തിലേക്ക് കണ്ണോടിക്കുമ്പോൾ കാണാം. മുറുക്കി ചുവന്നതോ മാരൻ മുത്തി ചുവപ്പിച്ചതോ മുറ്റത്തെ പൂവ്വേ, മുക്കുത്തി പൂവ്വേ മുത്തണി പൊന്മണി ചുണ്ട് നിൻെറ മുവ്വന്തി ചോപ്പുള്ള ചുണ്ട് എന്ന് ` കവി പാടുന്നു. സ്ത്രീകളുടെ

ചുണ്ടുകൾ വളരെ മ്രുദുലമായത്കൊണ്ടായിരിക്കും അവരുടെ ചുണ്ടുകൾ ചുംബനം കൊണ്ട് ചുവന്ന് പോകുന്നത്. അത് കണ്ട് അവരുടെ പ്രിയതമൻ മാർ ഇങ്ങനെ പുന്നാരം പറയുന്നു. പഞ്ചവർണ്ണകിളിവാലൻ തളിർ വെറ്റില തിന്നിട്ടൊ തമ്പുരാട്ടി ചുണ്ടു രണ്ടും ചുവന്നല്ലോ. അത് കേട്ട് പ്രിയതമ സത്യം പറയുന്നു. കള്ളനാകും കാമദേവൻ വില്ലെടുത്ത് തൊടുത്തപ്പോൾ മുല്ല മലരമ്പ് കൊണ്ട് ചുണ്ട് ചുവന്നു. സ്ത്രീകൾ താംബൂല ചർവ്വണം വളരെ ഇഷ്ടപ്പെട്ടിരുന്നു. കളിയല്ല കിളിവാലൻ വെറ്റില തിന്നെൻെറ ചുണ്ടൊന്ന് ചോപ്പിക്കണം എന്ന് ഒരു കാലത്ത് പാടി നടന്നിരുന്നു ഗ്രാമത്തിലെ നാണക്കുടുക്കകൾ.

ഇത് കൊണ്ടൊക്കെയായിരിക്കും നരവംശശാസ്ത്രജ്ഞർ ചുംബനത്തിൻെറ ആരംഭം താംബൂല ചർവ്വണത്തിലൂടെയായിരിക്കുമെന്ന് വിശ്വസിക്കുന്നത്. പുരുഷൻ പുകയില ഞെട്ട് അയാളുടെ പല്ലുകൾക്കിടയിൽ കടിച്ച് പിടിച്ച് അത് പല്ല് കൊണ്ട് കടിച്ചെടുക്കാൻ സ്ത്രീയെ ക്ഷണിച്ചിരുന്നുവത്രെ. അപ്പോൾ സ്വാഭാവികമായി അവരുടെ ചുണ്ടുകൾ തമ്മിൽ ഉരസി കാണും. അപ്പോൾ വൈദ്യുതിയൊന്നും പ്രവഹിച്ചില്ലെന്നാണു ശാസ്ത്രജ്ഞന്മാർ പറയുന്നത്. പക്ഷെ Oxcytocin എന്ന ഹോർമോൺ തലച്ചോറ് ഉൽപ്പാദിപ്പിക്കയും അത് അനിർവ്വചനീയമായ ഒരു സുഖം അവർക്ക് പകരുകയും ചെയ്തുകാണുമെന്ന് ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ആ സുഖം പുകയില വലിച്ചെറിഞ്ഞ് ചുണ്ടുകൾ തമ്മിൽ കൂട്ടിമുട്ടിക്കാൻ അവരെ പ്രേരിപ്പിച്ച്കാണും. ഇരുട്ടിൽ ഇണയുടെ ചുണ്ടുകൾ കണ്ടെത്താൻ ആണിനും പെണ്ണിനും കഴിയുന്നത് ചുംബനം നൽകുന്ന അനുഭൂതികൊണ്ടത്രെ. ചുണ്ടുകൾ പനിനീർമലരിതളുകൾ, വായ് നിറയെ മധു, അവളുടെ ചുംബനങ്ങൾ തേനീച്ച് കുത്തുന്നപോലെയുള്ള ഒരു വേദന തരുന്നു. എന്ന് എഴുത്തുകാർ എഴുതി വച്ചു. ഉപ്പു വെള്ളം കുടിക്കുന്ന പോലെയാണത്രെ ചുംബനം, കുടിക്കുംന്തോറും ദാഹം കൂടുന്നു എന്ന് ചൈനീസ് പഴമൊഴിയിൽ കാണുന്നു. കിസ്സ് ഒരിക്കലും മിസ്സാകുകയില്ലത്രെ, കുറെ കിസ്സ് ചെയ്യുമ്പോൾ ഒരു മിസ്സ് മിസ്സിസ്സാകുന്നു. അത് യുവഹ്രുദയങ്ങളുടെ പ്രണയപാരവശ്യ ചിന്തകളിലെ ഒരു വിശ്വാസം.

പരസ്യമായി ചുംബിക്കാമോ എന്നതാണു് ഇപ്പോൾ ഭാരതത്തിലെ യുവമനസ്സുകളുടെ ചിന്ത. സദാചാര പോലീസ് എന്ന ഒരു ഏഴാംകൂലി വിഭാഗം, നോക്കുകൂലി വിഭാഗം എന്നായിരിക്കുമോ ശരി, അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നുവെന്ന് മാദ്ധ്യമങ്ങളിൽ നിന്നും നാം അറിയുന്നു. ആരാൻെറമ്മക്ക് ഭ്രാന്ത് പിടിച്ചാൽ അത് കാണാൻ നല്ല രസം എന്ന പോലെ അത് കാണാൻ ആളുണ്ട്, അവരെ അടിച്ചോടിക്കാനും. വളരെ പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നങ്ങൾ പ്രതിദിനം വർദ്ധിച്ച്കൊണ്ടിരിക്കെ ആരെങ്കിലും പരസ്പരം ഉമ്മ വക്കുന്നത് തടയാൻ ഓരോ ഉമ്മാക്കിയുമായി തൊഴിലും പണിയുമില്ലാത്തവർ ഇറങ്ങിതിരിക്കുന്നത് ഒരു ശല്യമെന്നല്ലതെ എന്തു പറയാൻ സാധിക്കും.

സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പ്രേമ പ്രകടനങ്ങൾ എക്കാലത്തും നിലവിൽ ഉണ്ടായിരുന്നു. മുഗ്ദ സങ്കൽപ്പങ്ങൾ ഉള്ളിലൊതുക്കി അച്ചടക്കത്തിൻെറ കൈപിടിച്ച് നടക്കുമ്പോഴും യുവ മനസ്സുകൾ തമ്മിൽ അടുക്കാൻ കൊതിച്ചു. ശ്രീകോവിലുകൾക്ക്

മുന്നിൽ തൊഴുത് നിൽക്കുമ്പോഴും, പ്രദക്ഷിണം വക്കുമ്പോഴും, പുറത്ത് നിരത്തിൽ നടക്കുമ്പോഴും പൂവ്വിലേക്ക് പറന്നടുക്കുന്ന വണ്ടുകളെപോലെ യുവാക്കൾ പെൺകുട്ടികളെ അനുരാഗത്തോടെ നോക്കി നിന്നു, അകലം പാലിച്ച് അവരുടെ പുറകെ നടന്നു. പ്രണയസുരഭില കാവ്യശകലങ്ങൾ മൂളി. അതൊന്നും പെണ്മനസ്സുകളെ കോപിപ്പിച്ചില്ല. അവർ ഉള്ളാലെ അവ ആസ്വദിച്ചു. അവിടെ സംസ്കാര സമ്പന്നതയുടെ ഒരു നല്ല ഭാവം പ്രകടമാകുകയായിരുന്നു. ചില കുസ്രുതിത്തരങ്ങളും ഒരു അടക്കിയ ചിരികൊണ്ട് അവസാനിപ്പിച്ചിരുന്നു. പൂർണേന്ദു മുഖിയോടമ്പലത്തിൽ വച്ച് ചൂടുള്ള ചുംബനം ഞാൻ ചോദിച്ചു, കണ്മണി അത് കേട്ട് നാണിച്ച് നാണിച്ച് കാൽ നഖം കൊണ്ടൊരു വര വരച്ചു. അത് പഴയ കാലം. ഇപ്പോഴാണെങ്കിൽ അവൾ കൈനഖം കൊണ്ടൊരു പെട പെടക്കും. അല്ലെങ്കിൽ "താങ്ക് യു ഡാ.." എന്നും പറഞ്ഞേക്കാം. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സദാചാരത്തിൽ ചില ഭേദഗതികൾ വരുന്നുണ്ട്. തലയും താടിയും വളർത്തിയ മുനിമാർ എഴുതി വച്ചു എന്ന് വിശ്വസിച്ച് വരുന്ന ആർഷഭാരത സംസ്കാരം മുഴുവൻ കുറ്റമറ്റതല്ല. വിദേശാക്രമണം മൂലം വന്നു ചേർന്ന അനവധി സംസ്കാരങ്ങളുടെ ഒരു സങ്കരമാണു ഭാരതസംസ്കാരം ഭാരതത്തിന്റെ അങ്ങ് തെക്ക് പടിഞ്ഞാറു കിടക്കുന്ന കേരളമെന്ന പ്രദേശം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി നിലകൊണ്ടിരുന്നു. ഇപ്പോഴും അങ്ങനെ തന്നെ.

പക്ഷി മൃഗാദികളും പ്രേമ ചാപല്യങ്ങൾ പ്രദർശിപ്പിക്കുന്നത് കാണാം. വസന്താരംഭത്തിൽ പക്ഷികൾ പാടുന്ന പ്രേമഗാനങ്ങൾ, മരം ചുറ്റി പ്രേമങ്ങൾ എല്ലം മനുഷ്യർക്ക് കൗതുകം പകരുന്നു. കുയിലുകൾ "കൂ കൂ" എന്ന പാടുന്നതിന്റെ അർത്ഥം "നീ എവിടെ" എന്നാണത്രെ. കൊക്കും ചിറകുമുരുമ്മി കുറുകികൊണ്ടിരിക്കുന്ന ഇണപ്രാവുകൾ എത്ര സുന്ദരമായ കാഴ്ച്ചയാണു്. കമിതാക്കൾ ചുംബിച്ച് നിൽക്കുന്നതും കാണാൻ ഭംഗിയാണു്. ആർഷ ഭാരതം അതനുവദിക്കാത്തത് അതിന്റെ പ്രത്യാഘാതങ്ങൾ സ്വീകരിക്കാൻ മാത്രം സമൂഹ മനസ്സിനു വലുപ്പമില്ലാത്തത്കൊണ്ടാണു്. സ്ത്രീകളെ പ്രേമിച്ച് പ്രേമിച്ച് ദേവ സ്ത്രീകളൊക്കെ ആക്കുമെങ്കിലും ദേവ സ്ത്രീകൾക്ക് മനം പുരട്ടുന്ന എന്തെങ്കിലും പൊല്ലാപ്പ് വന്നാൽ പാടിയവന്റെ പൊടിപോലും പിന്നെ കാണില്ല. സ്ത്രീ അമ്മയാണു, ദേവിയാണു എന്നൊക്കെ പുസ്തകത്തിലും പ്രസംഗത്തിലും ഒക്കെ പുകഴ്ത്തുത്തുന്നവർ തന്നെ അവരെ വെറും ചരക്കായി കാണുന്നു, കണ്ടിട്ടുണ്ട്, കണ്ടുകൊണ്ടിരിക്കുന്നു.. ചരക്കുകൾ ഉപയോഗിക്കപ്പെട്ടാൽ പിന്നെ സെക്കൻറ് ഹാൻറാകുന്നു. വിവാഹ വിപണിയിൽ അവളുടെ വിലയിടിയുന്നു. പാശ്ചാത്യരുടെ വിശാലമനോഭാവം നമുക്കില്ലാത്തത്കൊണ്ട് "ആളുകൾ അറിയരുതെന്ന" കവചത്തിന്റെ സുരക്ഷക്കുള്ളിൽ കഴിയുന്നത് ഹിതകരമായിരിക്കും .കാലം എത്ര മാറിയാലും മാമൂലുകൾ പറ്റിപിടിച്ചിരിക്കും. സമൂഹം വ്യക്തിയെ എങ്ങനെ സ്വീകരിക്കുന്നു എന്നനുസരിച്ചാണു് ഓരോരുത്തരും അവരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് രൂപം കൊടുക്കുന്നത്.

ഇപ്പോൾ നമ്മുടെ കേരളത്തിൽ പ്രതിദിനം പുതിയ പുതിയ ആചാരങ്ങൾ ഉണ്ടാകുന്നു. പണത്തിന്റെ ശക്തി കൂടുന്നതനുസരിച്ച് വിവാഹത്തിലും, ജന്മദിനത്തിലും (ഒന്നു, അറുപത്, പിന്നെ ആയിരം പൂർണ്ണചന്ദ്രന്മാരെ കാണുമ്പോൾ, പണമുള്ളവർ സമീപ

ഭാവിയിൽ ആയിരം പൂർണ്ണ ചന്ദ്രന്മാരെ ആ ദിവസം ക്രുത്രിമമായി ഉണ്ടാക്കി ആഘോഷിക്കുന്നത് കാണാം) മരണത്തിലുമൊക്കെയുള്ള ആചാരങ്ങൾക്ക് മാറ്റം വരുന്നു. വിദേശ രാജ്യങ്ങളിലെ ആചാരനുഷ്ഠാനങ്ങളും ഒന്നൊന്നായി ഇറക്കുമതി ചെയ്യപ്പെടാം. വലൻറയിൻ ദിനം ഭാരതം പ്രത്യേകിച്ച് കേരളം ഏറ്റെടുത്ത പോലെ അന്തർദേശീയ ചുംബന ദിനവും മലയാളികൾ ആഘോഷിക്കണം. സദാചാര വീരന്മാർ അത്തരം സ്വാതന്ത്ര്യം അനുവദിക്കാൻ വഴിയില്ല. റോമാക്കാരുടെ ആചാരമനുസരിച്ച് വിവാഹിതരാകുന്നവർ പൊതുജനസമക്ഷം ചുംബിക്കുന്നത് പതിവാണു്. അതിൻെറ ആവർത്തനം പോലെ ഇന്ന് പാശ്ചാത്യ നാടുകളിൽ വിവാഹിതരാകുന്ന വധൂ-വരന്മാർ വിവാഹമെന്ന കൂദാശയാൽ ആശീർവദിക്കപ്പെട്ടുകഴിഞ്ഞാൽ പരസ്പരം ചുംബിക്കുന്നു. വിവാഹം വരെ അതിനൊക്കെ വേണ്ടികാത്ത് നിൽക്കാൻ കഴിവില്ലാത്തവരാണു് പ്രേമിക്കുന്ന യുവതീ യുവാക്കൾ. ഷേക്സ്പിയറിൻെറ റോമിയോ ആൻറ് ജൂലിയറ്റ് എന്ന നാടകത്തിൽ റോമിയൊ അയാളുടെ ചുണ്ടുകളെ രണ്ട് തീർത്ഥാടകരോടുപമിക്കുന്നുണ്ട്. ആരാധനക്കായി ദേവാലയനടയിൽ (ജൂലിയ്റ്റിൻെറ ചുണ്ടുകൾ) നിൽക്കുന്ന തീർത്ഥാടകർ. കൈത്തലങ്ങൾ (palm). തമ്മിൽ സ്പർശിച്ചാൽ പോരെ (പനയോലകൾ കൊണ്ട് നടക്കുന്നത്കൊണ്ട് തീർത്ഥാടകരെ പാമർ(palmer) എന്ന് പറയുന്നു.) എന്ന് ജൂലിയറ്റ് ചോദിക്കുമ്പോൾ റോമിയോ പറയുന്ന മറുപടി രസകരമാണു്. ജൂലിയറ്റിൻെറ ചുണ്ടുകളെ ചുംബിക്കുന്നത് കൈത്തലങ്ങൾ((റോമിയോടെ ചുണ്ടുകൾ) കൂട്ടിമുട്ടിക്കുന്ന പോലെയാണു്. ദേവാലയത്തിനു(ജൂലിയറ്റിൻെറ ചുണ്ടുകൾ) മുന്നിൽ കൈത്തലങ്ങൾ കൂട്ടിമുട്ടിക്കുമ്പോൾ അത് പ്രാർത്ഥനാമുദ്രയാകുന്നു.

അമേരിക്കയിൽ സുഹ്രുത്തുക്കളും ബന്ധുക്കളും തമ്മിൽ കണ്ടുമുട്ടുമ്പോൾ കെട്ടിപിടിക്കുകയും കവിളിൽ ഉമ്മ വക്കുകയുമൊക്കെ ചെയ്ത് വരുന്നുണ്ട്. ഓഫിസ്സിലെ സഹപ്രവർത്തകരും അങ്ങനെ പെരുമാറാറുണ്ട്. നാട്ടിൽ നിന്നും വന്ന ഒരു ചാക്കോച്ചൻ സഹപ്രവർത്തകയായ ഒരു മദാമ്മയെ മുറുക്കി ആലിംഗനം ചെയ്ത് അവരുടെ ചുണ്ടിൽ ചുംബിക്കാൻ ഒരുങ്ങവെ മദാമ്മ കുതറി മാറി. അടുത്ത് നിന്ന ഒരു സ്ത്രീ ചാക്കോച്ചനെ ഉപദേശിച്ചു. സുഹ്രുദ് ചുംബനങ്ങൾ കവിളിലാണു്. ചാക്കോച്ചൻ ദുരുദ്ദേശ്യത്തോടയല്ലായിരുന്നു അങ്ങനെ ഒരു സാഹസത്തിനു മുതിർന്നത്. എന്നാൽ അറുപത് കഴിഞ്ഞ എഴുത്തുകാരനായ ഒരു തോമാച്ചൻ പെണ്ണെഴുത്തുകാരെ ഒരു സമ്മേളനത്തിൽ “ഹഗ്” ചെയ്ത് കഷ്ടപ്പെടുത്തി. മരുന്നുകൾ പലവട്ടം സേവിക്കുന്ന പോലെ അവരെ കാണുമ്പോഴൊക്കെ “ഹഗ്” ചെയ്യാൻ തുടങ്ങിയപ്പോൾ സംഘാടകർ ക്ക് സദാചാ ര പോലീസ് കളിക്കേണ്ടി വന്നു. തോമാച്ചനു ദുരുദ്ദേശ്യമുണ്ടായിരുന്നു എന്നു ഒരു പത്രോസ് സ്വകാര്യം പറഞ്ഞപ്പോൾ മുതൽ പെണ്ണെഴുത്തുകാർ ജാഗരൂഗരായി. ചില ആചാരങ്ങളെ മനുഷ്യർ സ്വന്തം അഭീഷ്ടപൂർത്തിക്ക് വേണ്ടി വിനിയോഗിക്കുമ്പോഴും സമൂഹം ഇടപെടുന്നതിൽ കുഴപ്പമില്ല.

സിനിമയിൽ ചൂടുള്ള രംഗങ്ങൾ കാണുന്നത് പ്രേക്ഷകർക്ക് താൽപ്പര്യമാണു്. ഭാരതീയ സിനിമകളിൽ ചുംബനമുണ്ടായിരുന്നു. 1933 ൽ ഇറങ്ങിയ ഒരു ചിത്രത്തിൽ നാലു മിനിറ്റ് നീണ്ടു നിന്ന ചുംബനരംഗം ഉണ്ടായിരുന്നു. പക്ഷെ നടീ നടന്മാർ

ജീവിതത്തിലും ഭാര്യ ഭർത്താക്കന്മാരയിരുന്നതിനാലാകും ജനം അത് കുഴപ്പമുണ്ടാക്കാതെ സ്വീകരിച്ചത്. പിന്നീട് സെൻസർ ബോർഡ് അത്തരം സീനുകൾ നിരോധിക്കയുണ്ടായി. തന്മൂലം അത്തരം രംഗങ്ങൾ കഥയിൽ ആവശ്യം വരുമ്പോൾ സംവിധായകർ എഴുതി കാണിച്ചു. Sorry, kissing is not allowed in Indian movies. പിന്നെ ചിലർ അത്തരം രംഗങ്ങൾ ആവശ്യം വരുമ്പോൾ പൂക്കളിൽ നിന്നും വണ്ടു തേൻ നുകരുന്നതും, കിളികൾ കൊക്കുരുമ്മുന്നതും, വെള്ളിത്തിരയിൽ വെളിച്ചം കെട്ടുപോകുന്നതുമൊക്കെ കാണിച്ച് കാണികളെ ഇക്കിളിപ്പെടുത്തി. മലയാളത്തിലും ഒരു ചുംബനരംഗം കാണിക്കാൻ ഒരു സംവിധായകൻ കാണിച്ച പരാക്രമങ്ങൾ ശ്രദ്ധിക്കുക.

കുപ്പിവളകൾ ഉടഞ്ഞു വീഴുന്നു. സ്വർണ്ണവളകൾ ഉരുണ്ട് പോകുന്നു. വികാരം ഉൾക്കൊള്ളുന്നതിൻെറ പ്രതീകമായി നിറഞ്ഞ ചെമ്പു കുടം മലക്കം മറിഞ്ഞ് കൽപ്പടവുകളിലൂടെ തുള്ളി തുളുമ്പി അദമ്യമായ ആവേശത്തോടെ പുഴയുടെ മാറിലേക്ക് പാഞ്ഞ് വരുന്നു. അപ്പോഴെക്കും വെള്ളം ഒഴിഞ്ഞ് പോയ കുടം ഉന്മാദ പരിവേഷം കലർന്ന സീൽക്കാരത്തോടെ പുഴയിലെ വെള്ളം വലിച്ചകത്താക്കുന്നു. ജലപ്പരപ്പിനു മുകളിൽ മന്ദാക്ഷമധുരമായ അലകൾ പരത്തികൊണ്ട് കുടം നിറയുമ്പോൾ സുന്ദരിയായ സിനിമാതാരം അവതരിപ്പിക്കുന്ന കാർത്തുമ്പി എന്ന പെൺകുട്ടി മാണിക്യൻ എന്ന ചെറുപ്പക്കാരൻെറ കരവലയത്തിൽ ബന്ധിതയായി അനുരാഗത്തിൻെറ ആദ്യമധുരം നുകരുന്നു. കാണികൾ ഉത്സാഹത്തോടെ അത് കണ്ട് നിർവൃതിയടയുന്നു. ഒരു പക്ഷെ ഒരു ചുംബനരംഗം കാണിക്കുന്നതിനെക്കാൾ സിനിമ എന്ന കലയിൽ ഇത്തരം ബിംബ പ്രദർശനങ്ങൾ കൂടുതൽ ആകർഷണീയമായിരിക്കും.

ഭാരതീയ സംസ്കാരം കാത്ത് രക്ഷിക്കുന്നു എന്ന വ്യാജേന സദാചാര പോലിസുകാർ വിലസുകയാണു്. സംസ്കാരം ഒരിക്കലും നിശ്ചലമായി സ്ഥിതി ചെയ്യുന്ന ഒന്നല്ല അത് മാറികൊണ്ടെയിരിക്കും. ഭാരതീയർ വളരെ കാര്യങ്ങൾ പാശ്ചാത്യരിൽ നിന്നും ദത്തെടുത്തിട്ടും യുവതി യുവാക്കൾക്ക് സംസ്കാരം അനുവദിക്കുന്ന പരിധിയിൽ നിന്നു പോലും പെരുമാറാൻ സമ്മതിക്കാതിരിക്കുന്നത് നിയമപാലകരുടെ ഒത്താശയുള്ളത്കൊണ്ട് കൂടിയായിരിക്കാം. നിയമപരമായി വിവാഹിതരായവർക്ക് പോലും പൊതു സ്ഥലത്ത് സഞ്ചരിക്കാൻ പ്രയാസമുണ്ടാക്കുന്ന സദാചാര പോലിസുകാരെ ശിക്ഷിക്കാൻ നിയമമുണ്ടാകണ്ടതാണു്. പൊതു സ്ഥലത്ത് ചുംബിക്കുന്നത് തടയാൻ വരുന്ന സദാചാര വീരൻ എന്തുകൊണ്ട് സ്ത്രീകൾ ലൈംഗികമായി ആക്രമിക്കപ്പെടുമ്പോൾ എത്തുന്നില്ല. അയാൾക്ക് നമ്മെ ഉത്തരം മുട്ടിക്കാൻ ഒരു തുരുപ്പ് ചീട്ടുണ്ട്. ചുംബന മത്സരത്തിൽ അല്ലെങ്കിൽ പരസ്യമായി ഒരു ആൺകുട്ടിയെ ചുംബിച്ച പെൺകുട്ടിയെ വിവാഹം കഴിക്കാൻ വേറൊരാൾ തയ്യാറാകില്ല. അത് കൊണ്ട് പെൺകുട്ടികളെ അനാഘ്രാത കുസുമങ്ങളാക്കി കാത്ത് സൂക്ഷിക്കേണ്ടിയുരിരിക്കുന്നു. ശരിയാണു പകുതി പാശ്ചാത്യ് സംസ്കാരവും പകുതി ഭാരതീയ്സ് സംസ്കാരവും പാലിക്കാൻ പോയാൽ രണ്ടു വള്ളത്തിൽ സഞ്ചരിക്കുന്ന പോലെയാകും. നല്ലത് തീരുമാനിക്കാൻ ബുദ്ധിയുപയോഗിക്കയാണു് എല്ലാവരും ചെയ്യേണ്ടത്.

ഒരു കാലത്ത് നിഷിദ്ധമായ കാര്യങ്ങൾ പലതും പിൽക്കാലത്ത് വ്യാപകമായിട്ടുണ്ട്. അതി വിദൂരമല്ലാത്ത ഭാവിയിൽ പൊതുസ്ഥലത്ത് വച്ച് "മുത്തു ഗവു" എന്ന് ആൺകുട്ടികളും പെൺകുട്ടികളും പറയുമായിരിക്കും. അത്തരം കാര്യങ്ങൾ അന്യ ഭാഷയിൽ പറഞ്ഞാൽ കുഴപ്പമില്ലെന്നുള്ളതും മലയാളികളുടെ മാത്രം പ്രത്യേകതയാണ്. സ്വന്തം ഭാഷയിൽ ആഗ്രഹമുള്ള കാര്യങ്ങൾ പറയാൻ മലയാളിക്ക് എപ്പോഴും ഒരു ചമ്മലാണ്.

**ശുഭം**